## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2628 21/06/2012-ലെ മറുപടിക്ക്

**എല്ലാ സർക്കാർ, എയ്ഡഡ് കോളേജുകളിലും ഡിഗ്രി മലയാളം കോഴ്സ് ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി | ശ്രീ. പി.കെ. അബ്ദുറബ്ബ്, ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി. |
| എ) കേരളത്തിൽ എത്ര ഗവൺമെന്റ് കോളേജുകളാണുള്ളത്; | എ) കേരളത്തിൽ 41 ഗവൺമെന്റ് കോളേജുകളാണുള്ളത്. |
| ബി) ഇതിൽ എത്ര കോളേജുകളിൽ മലയാളം ബി. എ., എം. എ. കോഴ്സുകൾ പഠിപ്പിക്കുന്നുണ്ട്; 2012-13 വർഷത്തിൽ എത്ര കോളേജുകളിൽ മലയാളം ബി. എ., എം. എ. കോഴ്സുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദാംശം നല്കുമോ; | ബി) ഗവൺമെന്റ് വിമൻസ് കോളേജ്, തിരുവനന്തപുരം, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം, ഗവൺമെന്റ് കോളേജ്, കട്ടപ്പന, മഹാരാജാസ് കോളേജ്, എറണാകുളം, ഗവൺമെന്റ് കോളേജ്, പുല്ലൂട്ട്, കൊടുങ്ങല്ലൂർ, ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, തലശ്ശേരി ഗവൺമെന്റ് കോളേജ്, പട്ടാമ്പി - എന്നീ കോളേജുകളിൽ ബി. എ മലയാളം, എം.എ. മലയാളം കോഴ്സുകളും<br>ഗവൺമെന്റ് കോളേജ്, ചിറ്റൂർ, ഗവൺമെന്റ് വിക്ടോറിയ കോളേജ്, പാലക്കാട്, ഗവൺമെന്റ് കോളേജ്, മലപ്പുറം, ഗവൺമെന്റ് കോളേജ്, തിരൂർ, ഗവൺമെന്റ് കോളേജ്, കോഴിക്കോട്, കെ.എം.എം. ഗവൺമെന്റ് കോളേജ്, കണ്ണൂർ - |

| | |
|---|---|
| | എന്നീ കോളേജുകളിൽ ബി. എ മലയാളം കോഴ്സ് പഠിപ്പിക്കുന്നുണ്ട്.<br>2012-13 അദ്ധ്യയന വർഷം ഗവൺമെന്റ് കോളേജ്, തിരൂരിൽ എം.എ. മലയാളം കോഴ്സ് കോഴിക്കോട് ഗവൺമെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജിൽ എം.എ. മലയാളം വിത്ത് ജേർണലിസം കോഴ്സ് ഗവൺമെന്റ് കോളേജ് മണിമലക്കുന്ന്, ഗവൺമെന്റ് കോളേജ് നെടുമങ്ങാട് എന്നിവിടങ്ങളിൽ ബി.എ. മലയാളം കോഴ്സ് ആരംഭിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) മലയാളം ഒന്നാം ഭാഷയാക്കുകയും ശ്രേഷ്ഠഭാഷാ പദവിക്കുവേണ്ടി കേന്ദ്ര സർക്കാരിൽ ആവശ്യമുന്നയിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ എല്ലാ ഗവൺമെന്റ് കോളേജുകളിലും മലയാളം ബി. എ. കോഴ്സ് ആരംഭിക്കുന്നതിന് അനുമതി നൽകുമോ; | സി) ഇപ്പോൾ പരിഗണനയിലില്ല. |
| ഡി) എങ്കിൽ എല്ലാ എയ്ഡഡ് കോളേജുകളിലും മലയാളം ബി.എ., കോഴ്സ് ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ? | ഡി) എയിഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**